# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ-ഇകെഎം(ബിപി)1074/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 12/07/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ( ജനറൽ), എറണാകുളം
3. കാര്യാലയ പകർപ്പ്

നമ്പർ: കെഎസ്എ-ഇകെഎം(ബിപി)1074/22 തീയ്യതി: 12/07/2022

## എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മിനിമോൾ കെ ജി | ജോയിന്റ് ഡയറക്ടർ | 07-06-2022 | 10-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-06-2022 | 10-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ഷൈജു മാത്യു, ഓഡിറ്റ് ഓഫീസർ
2. പ്രസാദ് പി.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ഷൈബി ഇ.ഡി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4. സന്തോഷ്കുമാർ എം., സീനിയർ ഗ്രേഡ് ഓഡിറ്റർ
5. സ്വപ്ന വി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി റഷീദ സലിം | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ പി എ എം ബഷീർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ നാസർ കെ എച്ച് | സെക്രട്ടറി | 01-04-2020 | 03-02-2021 |
| ശ്രീ പ്രവീൺ വാസു | സെക്രട്ടറി | 04-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ധന്യ ജനാർദ്ദനൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീ അനൂപ് ജോർജ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീമതി സിന്ധു വി പി | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2020 | 31-03-2021 |
| ശ്രീമതി സുപ്രിയാദേവി എസ് പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 24-02-2021 |
| ശ്രീ സുജിത്ത് പി രാഘവൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 25-02-2021 | 05-03-2021 |
| ശ്രീ റമീസ് പി മുഹമ്മദ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 06-03-2021 | 31-03-2021 |
| ശ്രീ ജിയോ ജോസ് | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ലൂസിന പൗലോസ് | മെഡിക്കൽ ഓഫീസർ, സി എച്ച് സി, നേര്യമംഗലം | 01-04-2020 | 31-03-2021 |
| ഡോ. മാത്യു എം ജോസഫ് | മെഡിക്കൽ ഓഫീസർ, സി എച്ച് സി, വാരപ്പെട്ടി | 01-04-2020 | 31-03-2021 |
| ഡോ.ആശിഷ് ബി | മെഡിക്കൽ ഓഫീസർ, സി എച്ച് സി, പല്ലാരിമംഗലം | 01-04-2020 | 31-03-2021 |
| ശ്രീമതി റസീന ടി എ | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി സുഹറ സി എച്ച് | സി ഡി പി ഒ, കോതമംഗലം | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി പിങ്കി കെ അഗസ്റ്റിൻ | സി ഡി പി ഒ, കോതമംഗലം(അഡീഷണൽ) | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Prasad P G (Asst. Audit Officer, On 14-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Prasad P G (Asst. Audit Officer, On 14-06-2022)<br>Last Updated By: Prasad P G (Asst. Audit Officer, On 14-06-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 14-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Prasad P G (Asst. Audit Officer, On 09-06-2022)<br>Last Updated By: Raj N.C (Computer Assistant, On 12-07-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Prasad P G (Asst. Audit Officer, On 09-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം.<br>Written By: Prasad P G (Asst. Audit Officer, On 14-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Prasad P G (Asst. Audit Officer, On 09-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 1-6 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Prasad P G (Asst. Audit Officer, On 14-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 1-7 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Prasad P G (Asst. Audit Officer, On 09-06-2022)<br>Last Updated By: Prasad P G (Asst. Audit Officer, On 09-06-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Prasad P G (Asst. Audit Officer, On 14-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 1-9 |
| 11 | വാടക വരവിനം സംബന്ധിച്ച അപാകതകൾ<br>Written By: Swapna.V (Auditor, On 10-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 1-10 |
| 12 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Swapna.V (Auditor, On 11-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 1-11 |
| 13 | ഗ്രാന്റുകൾ യഥാസമയം ചെലവഴിക്കുന്നില്ല<br>Written By: Prasad P G (Asst. Audit Officer, On 17-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 1-12 |
| 14 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി നേര്യമംഗലം നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 10-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 1-13 |
| 15 | മെഡിക്കൽഓഫീസർ സി.എച്ച്.സി,പല്ലാരിമംഗലം നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 10-06-2022)<br>Last Updated By: Raj N.C (Computer Assistant, On 12-07-2022) | 1-14 |
| 16 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.<br>Written By: Santhosh Kumar M (Auditor, On 10-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 1-15 |

| | | |
|---|---|---|
| 17 | കേരളോത്സവം-മുൻകൂർ തുക തിരികെ ലഭ്യമാക്കിയിട്ടില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 10-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 1-16 |
| 18 | ഫർണിച്ചർ വാങ്ങിയെങ്കിലും പകൽ വീട് പ്രവർത്തനം ആരംഭിച്ചില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 10-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 1-17 |
| 19 | സി.ഡി.പി.ഒ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ പദ്ധതി-കെൽട്രോണിന് അധികം നൽകിയ 265/-രൂപ തിരികെ ഈടാക്കിയിട്ടില്ല. കമ്പ്യൂട്ടർ വാങ്ങൽപദ്ധതി-കെൽട്രോണിന് അധികം നൽകിയ 265/-രൂപ തിരികെ ഈടാക്കിയിട്ടില്ല<br>Written By: Swapna.V (Auditor, On 10-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 1-18 |
| 20 | കവളങ്ങാട് സി.ഡി.പി.ഒ ഓഫീസിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ പദ്ധതി-കെൽട്രോണിന് 265/-രൂപ അധികം നൽകി കമ്പ്യൂട്ടർ ,അനുബന്ധ ഉപകരണങ്ങൾ  വാങ്ങൽ പദ്ധതി-കെൽട്രോണിന് 265/- രൂപ അധികം നൽകി<br>Written By: Swapna.V (Auditor, On 10-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 1-19 |
| 21 | നിക്ഷേപ പ്രവൃത്തികൾ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 10-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 1-20 |
| 22 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 10-06-2022)<br>Last Updated By: Raj N.C (Computer Assistant, On 12-07-2022) | 1-21 |
| 23 | ഐ.എ.വൈ. ലോൺ- കൃത്യമായി തിരിച്ചടവ് നടത്തിയില്ല. പലിശയിനത്തിൽ വൻ ബാദ്ധ്യത.<br>Written By: Prasad P G (Asst. Audit Officer, On 16-06-2022)<br>Last Updated By: Raj N.C (Computer Assistant, On 12-07-2022) | 1-22 |
| 24 | മരാമത്ത് പ്രവൃത്തികൾ-കോടതി കേസുകളുടെ നിലിവിലെ സ്ഥിതി ലഭ്യമല്ല.<br>Written By: Shaiju Mathew (Audit Officer, On 15-06-2022)<br>Last Updated By: Raj N.C (Computer Assistant, On 12-07-2022) | 1-23 |
| 25 | വനിതാ ക്ഷേമകേന്ദ്രങ്ങളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Shaiju Mathew (Audit Officer, On 15-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 1-24 |
| 26 | ആദിവാസി സംഘങ്ങൾക്ക് ജാതിത്തൈ വിതരണം-മോണിറ്ററിംഗ് ഇല്ല<br>Written By: Prasad P G (Asst. Audit Officer, On 17-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം<br>Written By: Prasad P G (Asst. Audit Officer, On 09-06-2022)<br>Last Updated By: Raj N.C (Computer Assistant, On 12-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Prasad P G (Asst. Audit Officer, On 14-06-2022)<br>Last Updated By: Raj N.C (Computer Assistant, On 12-07-2022) | 4-2 |

| | | |
|---|---|---|
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Prasad P G (Asst. Audit Officer, On 14-06-2022)<br>Last Updated By: Raj N.C (Computer Assistant, On 12-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ<br>Written By: Prasad P G (Asst. Audit Officer, On 09-06-2022)<br>Last Updated By: Prasad P G (Asst. Audit Officer, On 09-06-2022) | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Prasad P G (Asst. Audit Officer, On 09-06-2022)<br>Last Updated By: Raj N.C (Computer Assistant, On 12-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Prasad P G (Asst. Audit Officer, On 09-06-2022)<br>Last Updated By: Prasad P G (Asst. Audit Officer, On 09-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Prasad P G (Asst. Audit Officer, On 09-06-2022)<br>Last Updated By: Prasad P G (Asst. Audit Officer, On 09-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Prasad P G (Asst. Audit Officer, On 09-06-2022)<br>Last Updated By: Raj N.C (Computer Assistant, On 12-07-2022) | 4-8 |
| 9 | ചാർജ്- സർചാർജ് നടപടികളുടെ വിവരം<br>Written By: Prasad P G (Asst. Audit Officer, On 09-06-2022)<br>Last Updated By: Prasad P G (Asst. Audit Officer, On 09-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shaiju Mathew (Audit Officer, On 17-06-2022)<br>Last Updated By: Raj N.C (Computer Assistant, On 12-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Prasad P G (Asst. Audit Officer, On 09-06-2022)<br>Last Updated By: Raj N.C (Computer Assistant, On 12-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ് ഭരണസമിതിയുടെ 23.03.2020 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 18.02.2021 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ആയത് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബജറ്റ് പ്രകാരം | | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 97,60,124.00 | 2,97,25,356.81 |
| വരവ് | 12,59,94,922.00 | 11,01,56,889.00 |
| ആകെ | 13,57,55,046.00 | 13,98,82,245.81 |
| ചെലവ് | 13,07,48,403.00 | 11,49,48,390.00 |
| നീക്കിയിരിപ്പ് | 50,06,643.00 | 2,49,33,855.81 |

ബജറ്റ് പ്രകാരമുള്ള കണക്കുകളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ബജറ്റ് വിഭാവനം ചെയ്ത രീതിയിൽ തന്നെ പദ്ധതി രൂപീകരണം നടത്തി ലഭ്യമായ മുഴുവൻ ഫണ്ടും ഫലപ്രദമായി വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31.7.2021 | 28.06.2021 |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

കോതമംഗലം ബ്ലോക്ക്പഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി ക്ക് 79,100/- രൂപയും, വന വികസന ഏജൻസിക്ക് 15,00,000/- രൂപയും, എൻ.എച്ച്.എം ന് 27,30,000/-രൂപയും 2020-21 വർഷത്തിൽ നൽകിയിട്ടുണ്ട്. ഇതിൽ കെ.എസ്.ഇ.ബി ക്കും, വന വികസന ഏജൻസിക്കും നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. എന്നാൽ 2020-21 വാർഷിക ധനകാര്യപത്രികയിലെ B18 ഷെഡ്യൂൾ പ്രകാരം Advance To Implimenting Agencies - Deposit With KSEB/ Forest Development Agency എന്ന ഹെഡിൽ നീക്കിയിരിപ്പില്ല. Other Advances (460100199) എന്ന ഹെഡിൽ മാത്രമാണ് B18 ഷെഡ്യൂളിൽ നീക്കിയിരിപ്പുള്ളത്. നിക്ഷേപപ്രവൃത്തികൾക്ക് തുക നൽകുമ്പോൾ ആദ്യം അഡ്വാൻസായി രേഖപ്പെടുത്തേണ്ടതും വിനിയോഗസാക്ഷ്യപത്രം ലഭിക്കുമ്പോൾ മാത്രം ആസ്തി ഹെഡിലേക്ക് മാറ്റേണ്ടതുമാണ്.

2. തിരിച്ചടക്കാനുള്ള ലോൺ തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 62(2)ഇ, എഫ് പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ (Key Ratios) ഉൾകൊള്ളിക്കുകയോ ചെയ്തിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,97,25,356.81 |
| ഓഡിറ്റ് വർഷത്തെ വരവ് | 11,01,56,889 |
| ആകെ | 13,98,82,245.81 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 11,49,48,390 |
| നീക്കിയിരിപ്പ് | 2,49,33,855.81 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,65,26,092 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (ACR പ്രകാരം | ആകെ | ചെലവ് | നീക്കി യിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 6,10,83,588 | 6,10,83,588 | 5,68,55,206 | - | 42,28,382 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1,63,87,353 | 1,63,87,353 | 1,34,94,150 | - | 28,93,203 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 39,28,000 | 39,28,000 | 26,54,595 | - | 12,73,405 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 99,91,905 | 99,91,905 | 99,91,905 | - | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ബേസിക് | 0 | 1,07,70,000 | 1,07,70,000 | 99,89,639 | - | 7,80,361 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് | 0 | 1,07,70,000 | 1,07,70,000 | 59,25,182 | - | 48,44,818 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| 320100108-ട്രൈബൽ കോർപസ് ഫണ്ട് | 68,58,039 | 29,95,129 | 98,53,168 | 14,78,818 | 83,74,350 | 0 |
| 320100115-ടോട്ടൽ സാനിറ്റേഷൻ | 10,51,391 | 26,482 | 10,77,873 | 2,03,232 | 8,74,641 | 0 |
| 320100118-ഐ.ഡബ്ലിയു.എം.പി | 5,117 | 164 | 5,281 | 5,244 | 37 | 0 |
| 320700203-contributions From Grama Panchayaths For Joint Venture Projects | 1,57,13,592 | 3,92,297 | 1,61,05,889 | 7460174 | 86,45,715 | 0 |
| 350200301-COVID-recoveries Payable | 0 | 2,08,929 | 2,08,929 | 5,350 | 2,03,579 | 0 |
| 320700208-Contribution For Joint Venture Project Of Central Sponsored | 331946 | 0 | 331946 | 0 | 331946 | 0 |

Schemes

വികസന ഫണ്ട്(ജനറൽ)RP-7ഷെഡ്യൂളും I-6 ഷെഡ്യൂളും തമ്മിൽ 2991000/-രൂപയുടെ വ്യത്യാസമുണ്ട്. ഇത് PMAY ലോൺ തിരിച്ചടവ് Source Deduction നടത്തിയത് മൂലമാണ്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 191 | 128528791 | 131 | 102141677 | 23 | 37 | 68.6 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.06.2022 3.15 പി.എം ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ഒന്നുമില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.02.2022 മുതൽ 16.02.2022 വരെ | 2020-21 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.01.2014 മുതൽ 10.01.2014 വരെ | 2010-11 മുതൽ 2012-13 വരെ | 19.02.2014 |

## 1-9 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്. എങ്കിലും താഴെ പറയുന്ന കാര്യങ്ങളിലേക്ക് കൂടി അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1. പദ്ധതി നിർവ്വഹണ കലണ്ടർ അനുസരിച്ച് നിർവ്വഹണം നടത്താത്തതിനാൽ 2020-21 വർഷം ആവിഷ്കരിച്ച മിക്ക മരാമത്ത് പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കാനായിട്ടില്ല.

2.ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. വാടക കൃത്യമായി പിരിച്ചെടുക്കുന്നതിൽ വീഴ്ചയുണ്ടാകുന്നുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർ പിരിക്കുന്ന തുക ബ്ലോക്ക് പഞ്ചായത്ത് ബന്ധപ്പെട്ട ഹെഡിൽ സാംഖ്യയിൽ വരവെടുത്താവണം ട്രഷറി/ബാങ്ക് അക്കൗണ്ടിൽ അടവാക്കാണ്ടത്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ ടെണ്ടർ ഫോറം വില ഇനത്തിൽ ഈടാക്കുന്ന തുക നേരിട്ട് ട്രഷറിയിൽ അടവാക്കുന്നതായി കണ്ടു. മാത്രമല്ല രസീത് എഴുതിപ്പോരുന്നതിലും അപാകതയുണ്ട്. പഞ്ചായത്തിലേക്ക് ലഭിക്കുന്ന ഏതൊരു വരവിനവും കൃത്യമായി അക്കൗണ്ട് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. പണമിടപാടുകൾ ശരിയായ അക്കൗണ്ട് ഹെഡുകളിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനമില്ല.

4. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

5. തനതു ഫണ്ടിൽ നിന്നുള്ള പദ്ധതി ചെലവുകളും, പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം ചെലവഴിച്ചതും സുലേഖയിൽ രേഖപ്പെടുത്താത്തതിനാൽ ആകെ പദ്ധതി ചെലവും സുലേഖ റിപ്പോർട്ടും പൊരുത്തപ്പെടുന്നില്ല. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

6.പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നില്ല.

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം, കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. വർക്കിംഗ് ഗ്രൂപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള അംഗങ്ങളാണ് മോണിറ്ററിംഗ് ഗ്രൂപ്പായി പ്രവർത്തിക്കേണ്ടത്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. കാർഷിക മേഖലയിലെ പദ്ധതികളിലൊന്നിലും മോണിറ്ററിംഗ് റിപ്പോർട്ട് വച്ചിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്റ്റുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 വാടക വരവിനം സംബന്ധിച്ച അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിലെ 2020-21 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ വാടക ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് /കെട്ടിട നം. | വാടക ഈടാക്കാത്ത കാലയളവ് / പ്രതിമാസ വാടക |
|---|---|---|
| 1 | എം.പി കോളനി കമ്മ്യൂണിറ്റി ഹാൾ ,കീരംപാറ 193/3 | 1/21- 3/21 100/- |
| 2 | ഒരുമ എസ്.എച്ച് .ജി ,നേര്യമംഗലം 8/796 | 1/21- 3/21 663/- |
| 3 | സമർപ്പണം എസ്.എച്ച്.ജി , കോട്ടപ്പടി | 12/20- 3/21 250/- |
| 4 | ന്യൂ മിലൻ പബ്ലിക് ലൈബ്രറി, | 6/20-3/21 |

| | | |
|---|---|---|
| | പ്ലാമൂടി | 500/- |

2) വാടക രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ , ബാലൻസ്(ഡി.സി.ബി) സ്റ്റേറ്റ്മെന്റ് വർഷാവസാനം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3) 20-21 വാർഷിക ധനകാര്യപത്രിക പ്രകാരം കറന്റ് ഡിമാന്റ് തുക 200000 /- രൂപയും കളക്ഷൻ തുക 74096/- രൂപയും നീക്കി ബാക്കി 125904/- രൂപയുമാണ്. അരിയർ ഡിമാന്റ് തുക 85430/- രൂപയും കളക്ഷൻ തുക 18986/- രൂപയും ബാലൻസ് ആയി ലഭിക്കുവാനുള്ളത് 66444/- രൂപയുമാണ്. വാടകയിനത്തിൽ തൻവർഷം ഈടാക്കുവാനുള്ള തുകയും മുൻ വർഷങ്ങളിലെ കുടിശ്ശികയായി ലഭിക്കുവാനുള്ള തുകയും ഈടാക്കിയിട്ടില്ല. വാടക രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. വാടകക്കുടിശ്ശികയിനത്തിൽ ഈടാക്കിയ തുകകൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല. വാടക രജിസ്റ്ററിൽ ഡി.സി.ബി എഴുതിത്തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വാടകയിനത്തിലെ (തൻവർഷം, കുടിശ്ശിക) ഡിമാന്റ് ,കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യത രജിസ്റ്ററുമായി ഒത്തുനോക്കി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.
മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/9.6.22) ലഭ്യമായ മറുപടിയിൽ കോവിഡ് പ്രതിസന്ധിമൂലം പല സ്ഥാപനങ്ങളും അടഞ്ഞുകിടക്കുകയായിരുന്നെന്ന് മറുപടി നൽകിയിട്ടുണ്ട്. സ.ഉ. (സാധാ)നം.1278/2020/ത.സ്വ.ഭ.വ തീയതി 29.6.20 പ്രകാരം ലോക്ക്ഡൌൺ കാലയളവിൽ തുറക്കാൻ അനുവാദമില്ലാതിരുന്ന സ്ഥാപനങ്ങളെ മാത്രമേ വാടക ഇളവിനായി പരിഗണിക്കുവാൻ പാടുള്ളൂ എന്നും വാടക ഇളവിന് അപേക്ഷിക്കുന്ന വ്യക്തി തന്റെ സ്ഥാപനം ടി കാലയളവിൽ പ്രവർത്തിച്ചിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തുന്ന സത്യവാങ്മൂലം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ് എന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഇപ്രകാരം ലഭിക്കുന്ന അപേക്ഷയിൻ മേൽ റിപ്പോർട്ട് നൽകി ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനം വികസന അതോറിറ്റി തലത്തിൽ തീരുമാനം കൈക്കൊള്ളേണ്ടതുമാണ്. സർക്കാർ ഉത്തരവിനു വിധേയമായി 2020-21 ഏപ്രിൽ,മെയ് മാസങ്ങളിൽ വാടകയിളവ് നൽകിക്കൊണ്ട് ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്തിട്ടുണ്ട്. ആയതിനാൽ മേൽ സ്ഥാപനങ്ങളിൽ നിന്നും ഏപ്രിൽ,മെയ്ഒഴികെയുള്ള മാസങ്ങളിലെ വാടകയും വാടകകുടിശ്ശിക ഇനത്തിൽ ഈടാക്കുവാനുള്ള തുകയും ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. കൂടാതെ വാടക രജിസ്റ്ററുമായി ബന്ധപ്പെട്ട് പരാമർശത്തിൽ പറഞ്ഞിരിക്കുന്ന മറ്റ് അപാകതകളും പരിഹരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-11 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 7 (2) പ്രകാരം ദിവസേന ഉള്ള കളക്ഷൻ തുക അടുത്ത പ്രവൃത്തി ദിവസം ട്രഷറിയിൽ അടവാക്കേണ്ടതാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് ഇഷ്യൂ ചെയ്ത രസീതു ബുക്കുകളിലെ (ഉദാ. ബുക്ക് നം 930, 23.10.21) കളക്ഷൻ തുകകൾ ഒ.ഡി.സി രജിസ്റ്ററിൽ ഈടാക്കിയ തുക/രസീത് ബുക്ക് നം/രസീതു നം/തീയതി/രസീതിലെ മറ്റ് വിവരങ്ങൾ എന്നിവ പ്രകാരം രേഖപ്പെടുത്തി എഴുതി സൂക്ഷിക്കുന്നില്ല.
രസീതുബുക്കുകൾ പ്രകാരമുള്ള കളക്ഷൻ തുകകൾ ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കി രസീപ്റ്റ് ഒ.ഡി.സി രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് ഇഷ്യൂ ചെയ്ത രസീതു ബുക്കുകളിൽ ഇപ്രകാരം എഴുതി സൂക്ഷിക്കുന്നില്ല. കളക്ഷൻ തുകകൾ ബ്ലോക്ക് പഞ്ചായത്തിൽ അടക്കാതെ നേരിട്ട് ട്രഷറി തനതു ഫണ്ട് അക്കൌണ്ടിൽ അടവാക്കുകയാണ് ചെയ്യുന്നത്. ഇത് ശരിയായ നടപടിയല്ല. ആയതിനാൽ രസീതു ബുക്കുകൾ പ്രകാരം കളക്ട് ചെയ്ത തുകകളും പഞ്ചായത്തിൽ അടവാക്കിയ തുകകളും പൊരുത്തപ്പെടുത്തി കൃത്യത പരിശോധിച്ചുറപ്പാക്കുവാൻ സാധിക്കുന്നില്ല. രസീതു ബുക്കുകൾ ഗൌരവപൂർവം കൈകാര്യം ചെയ്യേണ്ടതാണ്. മേൽ അപാകതകൾ പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ഗ്രാന്റുകൾ യഥാസമയം ചെലവഴിക്കുന്നില്ല

പ്രത്യേകാവശ്യങ്ങൾക്ക് ലഭിച്ച വിവിധ ഗ്രാന്റുകൾ യഥാസമയം ചെലവഴിച്ചുകാണുന്നില്ല. വലിയ തുക നീക്കിയിരിപ്പുള്ള ഏതാനും അക്കൗണ്ടുകളുടെ 2020-21 വർഷത്തെ ഗ്രാന്റ് വിനിയോഗം സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.
1. 320100115-TSC എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 2020-21വർഷം 8,74,641/- രൂപ നീക്കിയിരിപ്പുണ്ട്. മുൻ വർഷത്തെ നീക്കിയിരിപ്പ് 10,51,391/-രൂപയുണ്ടായിരുന്നു. ഇത് ഏത് പ്രത്യേകാവശ്യത്തിന് ലഭിച്ച ഫണ്ടാണെന്നും, ഈ ആവശ്യത്തിലേക്ക് ആകെ ലഭ്യമായ തുകയുടേയും ചെലവഴിച്ച തുകയുടേയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 3/09.06.22) താഴെ പറയും പ്രകാരമാണ് മറുപടി ലഭ്യമാക്കിയത്.

നിർമ്മൽ പുരസ്കാരമായി ലഭിച്ച 18,50,000/-രൂപയാണ് ഈ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നത്. പഞ്ചായത്തിന്റെ വിവിധ കെട്ടിടങ്ങളിലും വിവിധ പി.എച്ച്.സി കളിലും ടോയ്‌ലെറ്റ് കോംപ്ലക്സുകൾ പണിയാൻ ഈ തുക വിനിയോഗിച്ചിട്ടുണ്ട്. ചെറുവട്ടൂർ എച്ച്.എസ്.എസ് ടോയ്‌ലെറ്റ് കോംപ്ലക്സ് നിർമ്മാണവുമയി ബന്ധപ്പെട്ട് തുക നൽകിയിട്ടില്ല. ഇതിനുള്ള തുകയും, ലഭിച്ച ബാങ്ക് പലിശയുമാണ് നിലവിലെ നീക്കിയിരിപ്പ്. ബാങ്ക് ഓഫ് ബറോഡ കോതമംഗലം ശാഖയിലെ അക്കൗണ്ടിലാണ് (അക്കൗണ്ട് നം 7185 ) നിലവിൽ പണം നിക്ഷേപിച്ചിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. ബാലൻസ് ഷീറ്റിലെ ബി 17 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് തുക കൃത്യമാണ്. നിർമ്മൽ പുരസ്കാര തുക വിനിയോഗിക്കാവുന്ന മേഖലകളിൽ തുക ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. 2020-21 വാർഷിക കണക്ക് പ്രകാരം 320100108-Tribal Corpus Fund എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 83,74,350/- രൂപയുണ്ടായിരുന്നു. പട്ടിക വർഗ്ഗ വികസനത്തിനായി ലഭിച്ച കേന്ദ്ര ഫണ്ടാണിത്. ഇതിന്റെ ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ വരവ് തുകയുടെ വിശദാംശങ്ങൾ ചേർക്കുന്നില്ല. ആയതിനാൽ ആ വർഷം ലഭിച്ച ഫണ്ടിന്റെ കൃത്യത പരിശോധിക്കാനായില്ല. പൂർത്തിയാക്കാത്ത പദ്ധതിയുമായി ബന്ധപ്പെട്ടതല്ലാത്ത തുക നീക്കിയിരിപ്പിൽ അവശേഷിക്കുന്നുണ്ടെങ്കിൽ തിരിച്ചടക്കേണ്ടതാണ്. SGSY എന്ന തെറ്റായ പേരിലാണ് ഈ ഫണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അക്കൗണ്ട് ഹെഡ് ഡിസ്ക്രിപ്ഷനിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതാണ്.

3. 320700203-contributions For Joint Venture Projects From Village Panchayaths എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 86,45,715/-രൂപയും, 320700208-contributions For Joint Venture Projects For Centrally Sponsores Schemes From Village Panchayaths എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 3,31,946/-രൂപയും നീക്കിയിരിപ്പുണ്ട്. ഇവ ഏതൊക്കെ പദ്ധതികൾക്കായി ലഭിച്ച തുകയാണെന്നും, അതിന്റെ വരവ് ചെലവ് വിശദാംശങ്ങളും ലഭ്യമാക്കിയില്ല. പ്രത്യേകാവശ്യ ഗ്രാന്റുകൾക്ക് ലഭിക്കുന്ന തുകകൾ ആ ആവശ്യങ്ങൾക്കുതന്നെ സമയബന്ധിതമായി വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബാലൻസ് ഫണ്ട് അതാതു സ്ഥാപനങ്ങളിലേക്ക് തിരിച്ചടക്കേണ്ടതും, ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതുമാണ്.

## 1-13 മെഡിക്കൽ ഓഫീസർ സി.എച്ച്.സി നേര്യമംഗലം നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ

പ്രോജക്ട് നം 90/21 , നേര്യമംഗലം സി എച്ച് സിക്ക് മരുന്നുവാങ്ങൽ (അടങ്കൽ-450000/- ;ചെലവ്-449896/-) എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് 449896/-രൂപയുള്ള മുഴുവൻ മരുന്നുകളും, സപ്ലൈകോ, മാവേലി സ്റ്റോറിൽ നിന്ന് വാങ്ങിയതായി കാണുന്നു. ജി. ഒ.(എം എസ്)4/2016 ത.സ്വ.ഭ.വ തീ. 11.01.2016 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നാണ് മരുന്നുകൾ വാങ്ങേണ്ടത്. അത്യാവശ്യ സന്ദർഭങ്ങളിലും കേരള മെഡിക്കൽ കോർപറേഷൻ ലിമിറ്റഡിന്റെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും മാത്രമാണ് സപ്ലൈകോ, മാവേലി സ്റ്റോറിൽ നിന്നും മരുന്ന് വാങ്ങുന്നതിന് അനുമതി നൽകിയിരിക്കുന്നത്. തൻവർഷം വാങ്ങിയ 449896/- രൂപയുള്ള മരുന്നുകൾ അത്യാവശ്യ സന്ദർഭങ്ങളുമായി ബന്ധപ്പെട്ടതാണ് എന്നതിന് വ്യക്തതയില്ല. ആവശ്യമായ മരുന്നുകൾ മുൻകൂട്ടി കണക്കാക്കി ഇൻഡന്റ് ചെയ്ത് കേരള മെഡിക്കൽ കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് വാങ്ങാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകി-03യ 9-6-22 ലെ ഓഡിറ്റ് എൻക്വയറി നം 7 ന് മറുപടി നൽകിയില്ല. ഓരോ വർഷവും പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരമുള്ള മരുന്നുകൾ വർഷാരംഭത്തിൽ തന്നെ മുൻകൂട്ടി കണക്കാക്കി ഡിമാന്റ് ചെയ്യുകയാണ് എങ്കിൽ മരുന്നുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാവുന്നതാണ്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും ഭാവിയിൽ സർക്കാർ നിർദേശം പാലിച്ച് മരുന്നുകൾ വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-14 മെഡിക്കൽഓഫീസർ സി.എച്ച്.സി,പല്ലാരിമംഗലം നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ

പ്രോജക്ട് നമ്പർ 98/21,പല്ലാരിമംഗലം സി.എച്ച്.സി മരുന്നുവാങ്ങൽ (അടങ്കൽ-2,00,000/- ;ചെലവ്-1,99,994/-) എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് 199994/-രൂപയുടെ മുഴുവൻ മരുന്നുകളും സപ്ലൈകോ, മാവേലി സ്റ്റോറിൽ നിന്ന് വാങ്ങിയതായി കാണുന്നു. ജി. ഒ.(എം.എസ്) 4/2016 ത.സ്വ.ഭ.വ തീ. 11.01.2016 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നാണ് മരുന്നുകൾ വാങ്ങേണ്ടത്. അത്യാവശ്യ സന്ദർഭങ്ങളിലും കേരള മെഡിക്കൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും മാത്രമാണ് സപ്ലൈകോ മാവേലി സ്റ്റോറിൽ നിന്നും മരുന്ന് വാങ്ങുന്നതിന് അനുമതി നൽകിയിരിക്കുന്നത്. ആവശ്യമായ മരുന്നുകൾ മുൻകൂട്ടി കണക്കാ;;ക്കി ഇൻഡന്റ് ചെയ്ത് കേരള മെഡിക്കൽ കോർപറേഷൻ ലിമിറ്റഡിൽ നിന്ന് വാങ്ങാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 9-6-22 ലെ ഓഡിറ്റ് എൻക്വയറി നം 6 നുള്ള മറുപടിയിൽ കോവിഡ് സാഹചര്യമായതിനാൽ അടിയന്തിരമായി മരുന്നുകൾ ലഭ്യമാക്കുന്നതിനും കേരള മെഡിക്കൽ കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് മരുന്നുകൾ ലഭിക്കുന്നതിന്

കാലതാമസം നേരിടുന്നതു മൂലവുമാണ് ഇത്തരത്തിൽ മരുന്നുകൾ വാങ്ങിയത് എന്നാണ് അറിയിച്ചത്. ആവശ്യമായ മരുന്നുകൾ വർഷാരംഭത്തിൽ തന്നെ മുൻകൂട്ടി കണക്കാക്കി ഡിമാന്റ് ചെയ്യുകയാണ് എങ്കിൽ കാലതാമസം ഒഴിവാക്കാവുന്നതാണ്. ഭാവിയിൽ സർക്കാർ നിർദേശം പാലിച്ച് മരുന്നുകൾ വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-15 മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ സി.എച്ച്.സി, വാരപ്പെട്ടി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്റ്റ് നം. 78/21, സി.എച്ച്.സി വാരപ്പെട്ടിയിലേക്ക് മരുന്ന് വാങ്ങൽ (അടങ്കൽ-3,00,000/-രൂപ ,മെയിന്റനൻസ് ഫണ്ട് (റോഡിതരം) ,ചെലവ് -3,00,000/- രൂപ ; ബിൽ നം./തീയതി- 8/20-21/20.8.21 ,3,00,000/-)എന്ന പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി കെ.എം.എസ്.സി.എലിന് 300000/- രൂപ കൈമാറിയിട്ടുണ്ട്. പ്രൊഫോർമ ഇൻവോയ്സ് നം. PRF1100/18.6.2020 പ്രകാരം ആവശ്യപ്പെട്ടിരുന്ന മരുന്നുകളിൽ ഇൻവോയ്സ് നം 2145/23-10-20, 83930/-; 30/23-10-20, 26292/-; 2745/17-12-20, 51015/-; 2993/7-1-21, 8502/-; 1201/28-6-21, 14384/-; 1435/16-7-21, 5188/-; 123/3-5-22, 7351/-; പ്രകാരം ആകെ 1,96,662/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കിയുള്ള 1,03,338/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 09-6-22 ലെ ഓഡിറ്റ് എൻക്വയറി നം-5 നുള്ള മറുപടിയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി വിശദാംശങ്ങളടക്കം അറിയിക്കുന്നതുവരെ 1,03,338/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-16 കേരളോത്സവം-മുൻകൂർ തുക തിരികെ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കേരളോത്സവം 2019-20 |
| പ്രോജക്ട് നം | 157/21 |
| അടങ്കൽ | 150000/-<br>( 90000/- വികസന ഫണ്ട്-സാധാരണ വിഹിതം,<br>60000/- മറ്റുള്ളവ) |
| ചെലവ് | 89851/- |
| TRN / തീയതി | 201208000000000871 തീയതി 20.04.20 |

2019-20 വർഷം കേരളോത്സവം നടത്തിപ്പിനായി 90,000/- രൂപ വികസന ഫണ്ടിൽ നിന്നും 60,000/- രൂപ സംസ്ഥാന യുവജനക്ഷേമ ബോർഡിൽ നിന്നും ലഭ്യമാക്കുന്നതിനുമാണ് നിശ്ചയിച്ചിരുന്നത്. സംസ്ഥാന യുവജനക്ഷേമ ബോർഡിൽ നിന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് റീക്കൂപ്പ് ചെയ്യണമെന്ന വ്യവസ്ഥയിൽ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ കോതമംഗലം ബ്രാഞ്ചിലെ 337602010013257 നമ്പർ മിസലേനിയസ് അക്കൗണ്ടിൽ നിന്നും പിൻവലിച്ച് പദ്ധതി നടത്തിപ്പിനായി സെക്രട്ടറിയുടെ സി-2760/19 തീയതി 05.03.2020 ഉത്തരവ് പ്രകാരം മുൻകൂർ നൽകിയിരുന്നു.
കേരളോത്സവം നടത്തിപ്പിനായി ആകെ ചെലവ് വന്നിട്ടുള്ളത് 1,49,851/- രൂപയാണ്. ഇതിൽ പ്ലാൻഫണ്ട് വിഹിതം 89,851/-രൂപ 2020-21 ൽ ചെലവഴിച്ചിട്ടുണ്ട്. മിസലേനിയസ് അക്കൗണ്ടിൽ നിന്ന് പിൻവലിച്ച് നൽകിയിരുന്ന 60,000/-രൂപ സംസ്ഥാന യുവജനക്ഷേമ ബോർഡിൽ നിന്നും ലഭ്യമാക്കി തിരികെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 09.06.2022 ൽ നൽകിയ 15ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് തുക ലഭ്യമാക്കി വിവരം അറിയിക്കുന്നതാണെന്ന് പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. മിസലേനിയസ് അക്കൗണ്ടിൽ നിന്ന് നൽകിയ 60,000/- രൂപ തിരികെ ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 ഫർണിച്ചർ വാങ്ങിയെങ്കിലും പകൽ വീട് പ്രവർത്തനം ആരംഭിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വടാട്ടുപാറ പകൽ വീട്ടിലേക്ക് ഫർണിച്ചർ, പാത്രങ്ങൾ എന്നിവ വാങ്ങൽ |
| പ്രോജക്ട് നം | 236/21 |
| അടങ്കൽ | 150456/-( വികസന ഫണ്ട്-സാധാരണ വിഹിതം) |
| ചെലവ് | 99025/- |
| ബിൽ നം/ തീയതി | 345 തീയതി 31.03.21 |

സെക്രട്ടറി നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ വടാട്ടുപാറ പകൽ വീട്ടിലേക്ക് താഴെപ്പറയുന്ന ഫർണിച്ചറുകൾ ടെൻഡർ മുഖേന താഴത്തേവീട്ടിൽ ട്രേഡേഴ്സ്, കോതമംഗലം എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്.

| ഇനം | എണ്ണം | നിരക്ക് (രൂപ) | ആകെ തുക |
|---|---|---|---|
| Office Table | 1 | 7500 | 7500 |

| | | | |
|---|---|---|---|
| Almirah | 1 | 14750 | 14750 |
| Armed Chair | 35 | 975 | 34125 |
| Single Cot | 2 | 13500 | 27000 |
| Foam Bed | 2 | 4950 | 9900 |
| Book Rack | 1 | 5750 | 5750 |
| | | ആകെ | 99025/- |

സ ഉ (പി) നം.2/2018/എസ്.പി.ഡി തീയതി 28.04.2018, സ ഉ (പി) നം.7/2019/എസ്.പി.ഡി തീയതി 26.04.2019 എന്നിവ പ്രകാരം 25,000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലെയ്സിൽ നിന്ന് നടത്തേണ്ടതാണ്. എന്നാൽ ജെം മുഖേന ഉപകരണങ്ങൾ വാങ്ങാനുള്ള നടപടി സ്വീകരിച്ചിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 09.06.2022 ലെ 10ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പ്രസ്തുത ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്നും ഭാവിയിലുള്ള വാങ്ങലുകൾ ജെം-ൽ നിന്ന് നടത്തുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
പകൽവീട് നിലവിൽ പ്രവർത്തനം നടപ്പാക്കേണ്ട കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിന് കൈമാറി നൽകിയിട്ടില്ല. ഉടൻ തന്നെ കൈമാറി പ്രവർത്തനസജ്ജമാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. വാങ്ങിയ ഉപകരണങ്ങൾ ഉപയോഗരഹിതമായി സൂക്ഷിക്കാതെ പകൽവീട് പ്രവർത്തനം ആരംഭിക്കുന്നതിന് തുടർനടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-18 സി.ഡി.പി.ഒ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ പദ്ധതി-കെൽട്രോണിന് അധികം നൽകിയ 265/-രൂപ തിരികെ ഈടാക്കിയിട്ടില്ല. കമ്പ്യൂട്ടർ വാങ്ങൽപദ്ധതി-കെൽട്രോണിന് അധികം നൽകിയ 265/-രൂപ തിരികെ ഈടാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ സി.ഡി.പി.ഒ നടപ്പിലാക്കിയ പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | സി.ഡി.പി.ഒ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ |
| പ്രോജക്ട് നം. | S0086/21 |
| അടങ്കൽ തുക | 50000/- |
| ചെലവ് തുക/ബിൽ നം. /തീയതി | 48515/- (മെയിന്റനൻസ് ഫണ്ട്,റോഡിതരം) (31545/-1/20-21,6.3.21 16970/-2/20-21,6.3.21) |

മേൽ പദ്ധതി പ്രകാരം കമ്പ്യൂട്ടർ വാങ്ങുന്നതിനായി 31,545/- രൂപയും (പ്രോഫോർമ.ഇൻവോയ്സ്.നം-TVM/ITBG/P1/NB/0542/20-21,23.01.21) പ്രിന്റർ, യു.പിഎസ് എന്നിവ വാങ്ങുന്നതിനായി 16,970/-രൂപയും ഉൾപ്പെടെ ആകെ 48,515/- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും കമ്പ്യൂട്ടർ വാങ്ങിയതിന് ടാക്സ് ഇൻവോയ്സ് പ്രകാരം നൽകേണ്ട തുക 31,280/- രൂപയാണ്. (ഇൻവോയിസ് നം. ITP/04853/21-22/ 16.9.21) 265/-രൂപ അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/9.6.2022) മറുപടി ലഭ്യമായിട്ടില്ല. അധികം നൽകിയ 265/-രൂപ തിരികെ ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

### 1-19 കവളങ്ങാട് സി.ഡി.പി.ഒ ഓഫീസിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ പദ്ധതി-കെൽട്രോണിന് 265/-രൂപ അധികം നൽകി കമ്പ്യൂട്ടർ ,അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ പദ്ധതി-കെൽട്രോണിന് 265/- രൂപ അധികം നൽകി

ബ്ലോക്ക് പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ സി.ഡി.പി.ഒ (അഡിഷണൽ) നടപ്പിലാക്കിയ പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | കവളങ്ങാട് സി.ഡി.പി.ഒ ഓഫീസിലേക്ക് കമ്പ്യൂട്ടർ ,അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| പ്രോജക്ട് നം. | SOO 10/ 20-21 |
| അടങ്കൽ തുക | 50000/-(മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ചെലവ് തുക/ബിൽ നം. /തീയതി | 48515/- (31545/-1/20-21, 16.3.21 16970/-2/20-21, 17.3.21) |

മേൽ പദ്ധതി പ്രകാരം കവളങ്ങാട് സി.ഡി.പി.ഒ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനായി 31545/- രൂപയും (പ്രഫോർമ ഇൻവോയിസ് നം. TVM/ITBG/PI/NB/0542/20-21,തീയതി-23.1.21) പ്രിന്റർ,യുപി.എസ് എന്നിവ വാങ്ങുന്നതിനായി 16970/-രൂപയും (പ്രഫോർമ ഇൻവോയിസ് നം. TVM/ITBG/PI/RC/21801/20-21 തീയതി 23.2.21) ഉൾപ്പെടെ ആകെ 48515/- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ലഭ്യമായതിന്റെ ബിൽ പ്രകാരം നൽകേണ്ട (ഇൻവോയിസ്.നം.ITP/03181/20-21,തീയതി-11.8.21) തുക 31280/-രൂപയാണ്. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/9.6.2022) മറുപടി ലഭ്യമായിട്ടില്ല. അധികം നൽകിയ 265/- രൂപ (31545-31280) തിരികെ ഈടാക്കി രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

### 1-20 നിക്ഷേപ പ്രവൃത്തികൾ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന നിക്ഷേപ പ്രവൃത്തികൾക്ക് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| ക്രമ നം. | പദ്ധതിയുടെ നം. , പേര് | നല്കിയ തുക, ബിൽ നമ്പർ/ | തുക ലഭ്യമായ സ്ഥാപനം |
|---|---|---|---|

| | | | |
|---|---|---|---|
| | | തീയതി; | |
| 1 | പ്രൊ. നം.159 / 21 , തുണ്ടം ഫോറസ്റ്റ് റേഞ്ച് ഓഫീസിന് സമീപം ടോയ് ലറ്റ് കോംപ്ലക്സ് നിർമ്മാണം- എഫ് ഡി എ-യ്ക്ക് തുക കൈമാറൽ | 1500000 /- ( വികസന ഫണ്ട്- സാധാരണ വിഹിതം) ;;;ബിൽ.നം-6 തീയതി 11.04.2020 | വന വികസന ഏജൻസി |
| 2 | ;പ്രൊ. നം. 239 / 21 , കീരംപാറ 4ാം വാർഡ് കുടിവെള്ള പദ്ധതിക്ക് ത്രീ ഫേസ് കണക്ഷൻ എടുക്കൽ; | 79100/- ( വികസന ഫണ്ട്- സാധാരണ വിഹിതം) ബിൽ.നം-137 തീയതി 0;;2.11.2020 | കെ എസ് ഇ ബി |
| | ആകെ | 1579100/- | |

പദ്ധതി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 09.06.2022 ൽ നൽകിയ 9ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗ സാക്ഷ്യപത്രങ്ങൾ എത്രയും വേഗം ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ 15,79,100/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിൽ ഗ്രാമപഞ്ചായത്തുകൾക്ക് താഴെപ്പറയും പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ തുക ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമായിട്ടുണ്ടെന്നതിന്റെ രേഖയോ വിനിയോഗ സാക്ഷ്യപത്രമോ ഫയലിൽ ലഭ്യമല്ല (ക്രമ നമ്പർ 5 പ്രകാരം നൽകിയ തുക പഞ്ചായത്തിന് ലഭ്യമായതിന്റെ രേഖ മാത്രം ഫയലിൽ ചേർത്തിട്ടുണ്ട്.)

| ക്രമ നമ്പർ | നിർവ്വഹണോദ്യോഗസ്ഥൻ | തുക കൈപ്പറ്റിയ ഏജൻസി | പ്രവൃത്തിയുടെ പേര് / പ്രൊജക്ട് നം | ബിൽ നം./ തീയതി | നൽകിയ തുക |
|---|---|---|---|---|---|
| 1. | സെക്രട്ടറി | നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത് | നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് വാർഡ് 2 അങ്കണവാടി കെട്ടിട നിർമ്മാണം- ബ്ലോക്ക് വിഹിതം കൈമാറൽ 26/21 | 381/ 31.03.21 | 8,00,000/- |
| 2. | സെക്രട്ടറി | പല്ലാരിമംഗലം ഗ്രാമ പഞ്ചായത്ത് | പല്ലാരിമംഗലം ബഡ്സ് സ്കൂൾ പടിപ്പുര, ഗേറ്റ് എന്നിവയുടെ നിർമ്മാണം- ബ്ലോക്ക് വിഹിതം കൈമാറൽ SO161/21 | 185/ 07.01.21 | 2,00,000/- |
| 3. | സെക്രട്ടറി | പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്ത് | പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് എസ് സി ; നഴ്സറി നവീകരണം തുക കൈമാറൽ SO160/21 | 184/ 07.01.21 | 490382/- |

| | | | | | |
|---|---|---|---|---|---|
| 4. | സെക്രട്ടറി | വാരപ്പെട്ടി ഗ്രാമ പഞ്ചായത്ത് | വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് വാർഡ് 10 ; അങ്കണവാടി കെട്ടിട നിർമ്മാണം തുക കൈമാറൽ 23/21 | 343/ 30.03.21 | 500000/- |
| 5. | സെക്രട്ടറി | കോട്ടപ്പടി ഗ്രാമ പഞ്ചായത്ത് | കോട്ടപ്പടി ഗ്രാമ പഞ്ചായത്ത് വാർഡ് 11 മഹിളാ സാംസ്കാരിക നിലയം നിർമ്മാണം- ബ്ലോക്ക് വിഹിതം കൈമാറൽ 100/21 | 379/ 31.03.21 | 550000/- |
| 6. | സെക്രട്ടറി | വാരപ്പെട്ടി ഗ്രാമ പഞ്ചായത്ത് | വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് വാർഡ് 6 ; അങ്കണവാടി കെട്ടിട നിർമ്മാണം- തുക കൈമാറൽ 24/21 | 366/ 30.03.21 | 400000/- |
| | ആകെ | | | | 2940382 |

2. ലൈഫ് ഭവന പദ്ധതിക്കായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ തുക ലഭ്യമായതിന്റെ രേഖയോ പദ്ധതി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രമോ ഫയലിൽ ലഭ്യമല്ല.

| ക്രമ നം | നിർവ്വഹണോ ദ്യോഗസ്ഥൻ | പ്രോജക്ട് നം. പേര് | നൽകിയ തുക |
|---|---|---|---|
| 1 | സെക്രട്ടറി | S049/21<br>ലൈഫ് ഭവനപദ്ധതി(ടി എസ് പി)<br>അടങ്കൽ- ₹8,05,895/-<br>ചെലവ്- ₹7,70,000/-<br>1) 168/04.01.21- ₹5,10,000/-<br>2)169/04.01.21- ₹1,20,000/-<br>3)178/04.01.21- ₹81,000/-<br>4)299/26.03.21- ₹59,000/-<br>ആകെ – ₹7,70,000/- | 1) കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് 630000/-<br>2) പിണ്ടിമന ഗ്രാമപഞ്ചായത്ത് 140000/- |
| 2 | സെക്രട്ടറി | S001/21<br>ലൈഫ് ഭവനപദ്ധതി (ജനറൽ)<br>അടങ്കൽ- ₹90,80,055/-<br>ചെലവ്- ₹ 89,48,399/-<br>1)38/11.05.20-₹ 1,12,000/-<br>2)50/09.06.20- ₹2,24,000/-<br>3)158/01.01.21- ₹ 5,00,000/-<br>4)159/01.01.21- ₹ 4,39,788/-<br>5)160/01.01.21- ₹ 4,30,000/-<br>6)161/01.01.21- ₹ 3,60,000/-<br>7)162/01.01.21- ₹ 3,20,000/-<br>8)166/01.01.21- ₹ 3,66,831/-<br>9)167/01.01.21- ₹ 1,60,000/-<br>10)164/01.01.21- ₹ 8,50,000/-<br>11)165/01.01.21- ₹ 8,15,200/-<br>12)163/01.01.21- ₹ 8,06,619/-<br>13)294/26.03.21- ₹ 6,70,000/-<br>14)293/26.03.21- ₹ 3,39,961/-<br>15)297/26.03.21- ₹ 2,30,000/- | 1)നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് 500,000/-<br>2)പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് 806619/-<br>3)വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് 660000/-<br>4) കോട്ടപ്പടി ഗ്രാമപഞ്ചായത്ത് 520000/-<br>5) പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് 659961/-<br>6)പിണ്ടിമന ഗ്രാമപഞ്ചായത്ത് 806619/-<br>7) കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് 1665200/-<br>8) പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് 670000/-<br>9)കവളങ്ങാട് ഗ്രാമപഞ്ചായത്ത് 400000/-<br>(2260000/- രൂപ ഏത് ഗ്രാമപഞ്ചായത്തിനാണ് |

| | | | |
|---|---|---|---|
| | | 16)296/26.03.21- ₹ 4,00,000/-<br>17)359/30.03.21- ₹ 2,24,000/-<br>18)364/30.03.21- ₹ 2,00,000/-<br>19)376/31.03.21- ₹ 15,00,000/-<br>ആകെ – ₹89,48,399/- | കൈമാറിയതെന്ന<br>വിവരം ലഭ്യമാക്കിയിട്ടില്ല) |
| 3 | സെക്രട്ടറി | S048/21<br>ലൈഫ് ഭവനപദ്ധതി(എസ്.സി.പി.)<br>അടങ്കൽ-2451767/-<br>ചെലവ്- 2184873/-<br>1) 170/04.01.21 – ₹ 1,00,000/-<br>2) 171/04.01.21 – ₹ 1,22,586/-<br>3) 172/04.01.21 – ₹ 6,53,839/-<br>4) 173/04.01.21 – ₹ 1,00,000/-<br>5) 174/04.01.21 – ₹ 1,60,000/-<br>6) 176/04.01.21 – ₹ 2,25,000/-<br>7) 179/04.01.21 – ₹ 2,40,000/-<br>8) 180/04.01.21 – ₹ 80,000/-<br>9) 295/26.03.21 -₹ 40,862/-<br>10) 298/26.03.21 - ₹ 1,00,000/-<br>11) 177/04.01.21 – ₹ 1,22,586/-<br>12) 175/04.01.21 – ₹ 2,40,000/-<br>ആകെ – ₹ 21,84,873/- | 1)നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് 653839/-<br>2)പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് 40862/-<br>3)വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് 122586/-<br>4) കോട്ടപ്പടി ഗ്രാമപഞ്ചായത്ത് 480000/-<br>5) പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് 100000/-<br>6)പിണ്ടിമന ഗ്രാമപഞ്ചായത്ത് 122586/-<br>7) കീരമ്പാറ ഗ്രാമപഞ്ചായത്ത് 160000/-<br>8) പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് 280000/-<br>9)കവളങ്ങാട് ഗ്രാമപഞ്ചായത്ത് 225000/- |
| | ആകെ | | ₹ 1,19,03,272/- |

മേൽ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കേണ്ടതും ക്രമ നമ്പർ 2 പ്രകാരം ചെലവഴിച്ച തുകയിൽ 22,60,000/- രൂപ ഏത് ഗ്രാമപഞ്ചായത്തിനാണ് കൈമാറിയതെന്ന വിവരം ലഭ്യമാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 09.06.2022 ലെ 8ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും ലൈഫ് ഭവനപദ്ധതിക്ക് കൈമാറിയ തുകയുടെ വിവരം ലഭ്യമാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 1,48,43,654/-രൂപ (2940382+11903272) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 ഐ.എ.വൈ. ലോൺ- കൃത്യമായി തിരിച്ചടവ് നടത്തിയില്ല. പലിശയിനത്തിൽ വൻ ബാദ്ധ്യത.

ഐ.എ.വൈ ഭവനപദ്ധതി ഗുണഭോക്താക്കൾക്ക് സംസ്ഥാനവിഹിതം നൽകുന്നതിനായി സർക്കാർ അനുമതിയോടെ (ജി.ഒ.(എം.എസ്)നം.90/2013/തസ്വഭവ തീയതി 14.03.2013) എറണാകുളം ജില്ലാസഹകരണബാങ്കിൽ നിന്നും 2012-13 വർഷത്തിൽ 1,14,00,000/- രൂപ വായ്പയെടുത്തിരുന്നു. താഴെ പറയും പ്രകാരം വിവിധ വർഷങ്ങളിൽ വായ്പ തിരിച്ചടവ് നടത്തിയിട്ടുണ്ട്. ലോൺ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങളാണ് താഴെ ചേർത്തിരിക്കുന്നത്.

| തീയതി | അടവാക്കിയ തുക |
|---|---|
| 09.08.2014 | 11,40,000 |
| 20.04.2016 | 25,00,000 |
| 16.05.2020 | 72,69,000 |
| 05.03.2021 | 29,91,000 |
| ആകെ | 1,39,00,000 |

നാളിതു വരെ 1,39,00,000/- രൂപ അടവാക്കിയതിൽ 1,14,00,000/-രൂപ മുതലിലേക്കും, 25,00,000/- രൂപ പലിശ ഇനത്തിലും കണക്കിലെടുത്തിട്ടുള്ളതായാണ് ബാങ്ക് സ്റ്റേറ്റ്മെന്റിൽ പറയുന്നത്. 2020-21 വാർഷിക കണക്ക് പ്രകാരം 41,23,618/- രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട്. ലോൺ തുക മുഴുവൻ തിരിച്ചടച്ചിട്ടും, പഞ്ചായത്തിന് ഇത്രയും ഭീമമായ തുക ബാധ്യതയുണ്ടായത് കൃത്യമായ തിരിച്ചടവ് ഇല്ലാതിരുന്നതിനാലാണെന്ന് കാണാവുന്നതാണ്. 2016-17 സാമ്പത്തിക വർഷം ലോൺ തിരിച്ചടവ് നടത്തിയതിന് ശേഷം 2020-21 ൽ

മാത്രമാണ് ലോൺ തുക തിരിച്ചടച്ചിട്ടുള്ളത്. കഴിഞ്ഞ 5 വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രികകൾ പ്രകാരമുള്ള ലോൺ നീക്കിയിരിപ്പുതുക താഴെപറയും പ്രകാരമാണ്.

| വർഷം | നീക്കിയിരിപ്പ് തുക |
|---|---|
| 2016-17 | 77,60,000 |
| 2017-18 | 77,60,000 |
| 2018-19 | 77,60,000 |
| 2019-20 | 1,43,83,618 |
| 2020-21 | 41,23,618 |

;;

2019-20 വർഷം 66,23,618/- രൂപ പലിശ മുതലിലേക്ക് കൂട്ടിച്ചേർത്തതാണ് നീക്കിയിരിപ്പ് തുകയിലുണ്ടായ വർദ്ധനവിന് കാരണം. കൃത്യമായ ലോൺ തിരിച്ചടവില്ലാതിരുന്നത് ഭീമമായ പലിശഭാരത്തിനിടയാക്കിയിരിക്കുന്നു. പലിശ സർക്കാർ വഹിക്കുമെന്ന് ലോണെടുക്കാനുള്ള അനുമതി ഉത്തരവിൽ പരാമർശിച്ചിരുന്നെങ്കിലും, 25,00,000/- രൂപ പലിശ ഇനത്തിൽ ഇതിനോടകം പഞ്ചായത്ത് അടവാക്കിയിട്ടുണ്ട്. 07.10.2021 ൽ ഡി.3173/2021 നം കത്ത് പ്രകാരം അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ ജനറലിന് നൽകിയ കണക്കിൽ 56,88,530/-രൂപ ഇനിയും തിരിച്ചടക്കാനുള്ളതായാണ് പറഞ്ഞിരിക്കുന്നത്.

എല്ലാവർഷവും കൃത്യമായി ലോൺ തിരിച്ചടച്ചിരുന്നെങ്കിൽ ഇതിനോടകം ലോൺ തീരുമായിരുന്നു. പദ്ധതി വിഹിതം ഉപയോഗിച്ച് ലോൺ തിരിച്ചടവിന് അനുമതി ഉണ്ടായിരുന്നിട്ടും 2017-18 മുതൽ 2019-20 വരെയുള്ള വർഷങ്ങളിൽ ഇതിലേക്കായി പദ്ധതി രൂപീകരിക്കാതിരുന്നത് വലിയ വീഴ്ചയാണ്. ലോൺ രജിസ്റ്റർ സൂക്ഷിക്കാത്തത് കൃത്യമായ കണക്ക് ലഭിക്കുന്നതിനും തടസ്സമായി. ആയതിനാൽ ഇനിയും പലിശ ബാധ്യത കൂട്ടാതെ ലോൺ ക്ലോസ് ചെയ്യുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 മരാമത്ത് പ്രവൃത്തികൾ-കോടതി കേസുകളുടെ നിലിവിലെ സ്ഥിതി ലഭ്യമല്ല.

കോതമംഗലം ബ്ലോക്ക് പഞ്ചായത്തിലെ താഴെ പറയുന്ന പ്രവർത്തികൾ നിയമനടപടികളിൽപെട്ട് തടസ്സപ്പെട്ടതായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽനിന്നും മനസ്സിലാവുന്നു.

1)പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്-ചാത്തമറ്റം-പോത്തൻചീനി റോഡ് ഫോർമേഷൻ.

Project No.216/21

അടങ്കൽ തുക : 5,00,000രൂപ.

ഈ പ്രവൃത്തി 2016-17വർഷത്തിൽ 154/17 നമ്പറായി വിഭാവനം ചെയ്യുതും ടെൻഡർ നടപടികളിലൂടെ ശ്രീ.ഷെരീഫ് കെ.എം. എന്ന കരാറുകാരന് നൽകിയിരുന്നതുമാണ്. (കരാർ ഉടമ്പടി നം.79/AEE /LSGD/KLM/16-17തി.29.3.2017) എന്നാൽ പ്രവൃത്തി നിർവ്വഹണം തുടങ്ങിയപ്പോൾ കരാറുകാരൻ പ്രവൃത്തി സ്ഥലത്തു നിന്നും അനധികൃതമായി മണ്ണ് എടുത്ത് വില്പന നടത്തിയെന്ന പരാതിയെ തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് പോത്താനിക്കാട് പോലീസ് സ്റ്റേഷനിൽ പരാതി നല്കുകയും തുടർന്ന് 11.6.2018 തിയ്യതിയിൽ എഫ്.ഐ.ആർ തയ്യാറാക്കി കോതമംഗലം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 3.5.2018ലെ തീരുമാനം നം.V(1)പ്രകാരം 264.89ക്യൂബിക്ക് മീറ്റർ മണ്ണിന്റെ വിലയായി 48,221/-രൂപ (@182.04രൂപ) അടവാക്കുന്നതിന് കരാറുകാരനോട് അസി.എക്സി.എഞ്ചിനീയർ 5.6.2018ൽ ആവശ്യപ്പെട്ടതിനെ തുടർന്ന് കരാറുകാരൻ തുക 30.3.2019ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ അടവാക്കിയതായി ഫയലിൽ ലഭ്യമാക്കിയിരിക്കുന്ന രസീതിൽ നിന്നും മനസ്സിലാവുന്നു.(എസ്.ടി.എസ്.ബി അക്കൗണ്ട് നം.712081400000005)തുക അടവാക്കിയിരിക്കുന്ന സാഹചര്യത്തിൽ നിയമ നടപടികൾ അവസാനിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും(ഓഡിറ്റ് എൻക്വയറി നം.18/14.6.2022)മറുപടി ലഭ്യമാക്കിയിട്ടില്ല.

2)പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്:പൊതു ശ്മശാനം ചുറ്റുമതിൽ നിർമ്മാണം.

പ്രൊജക്റ്റ് നം.215/21

ഈ പ്രവൃത്തി 2016-17 വർഷത്തിൽ 135/17നമ്പറായി വിഭാവനം ചെയ്യുകയും (അടങ്കൽ500000രൂപ)ശ്രീ.എ.ആർ.ചെറിയാൻ എന്ന കരാറുകാരന് പ്രവൃത്തി നല്കിയതിനെ തുടർന്ന് കരാർ ഉടമ്പടി ചമച്ചിരുന്നതുമാണ്. (കരാർ ഉടമ്പടി നം.66/AEE/LSGD/KLM/16-17തി.9.3.2017)ഈ പ്രവൃത്തിയിലും അനധികൃതമായി മണ്ണ് ഘനനം ചെയ്ത് കരാറുകാരൻ വില്പന നടത്തിയെന്ന പരാതിയെ തുടർന്ന് പോത്താനിക്കാട് പോലീസ് സ്റ്റേഷനിൽ ബ്ലോക്ക് പഞ്ചായത്ത് പരാതി നൽകിയിരിക്കുന്നതാണ്.ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 3.5.2018ലെ തീരുമാനം നം.V(1)പ്രകാരം 3971.43 ക്യൂബിക്ക് മീറ്റർ മണ്ണിന്റെ വിലയായി 722959രൂപ (@182.04രൂപ) അടവാക്കുന്നതിന് കരാറുകാരനോട് അസി.എക്സി.എഞ്ചിനീയർ 5.6.2018ൽ ആവശ്യപ്പെട്ടതായും കാണുന്നുണ്ട്.കേസിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും(ഓഡിറ്റ് എൻക്വയറി നം.18/14.6.2022)മറുപടി ലഭ്യമാക്കിയിട്ടില്ല.

മുകളിൽ കാണിച്ചിരിക്കുന്ന പ്രവർത്തികളിന്മേലുള്ള നിയമ നടപടികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കേണ്ടതും അവ തീർപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതിന്റെ

ആവശ്യകതയിലേക്കും ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-24 വനിതാ ക്ഷേമകേന്ദ്രങ്ങളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2020-21 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് താഴെ പറയുന്ന വനിതാവികസനകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ പേര്(പ്രൊജക്ട് നം) | ചെലവഴിച്ച തുക |
|---|---|---|
| 1 | ബ്ലോക്ക് വനിതാ എക്സലൻസ് സെന്റർ(229/21) | 499548 |
| 2 | വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് -അംബേദ്കർ എസ്.സി കോളനി വനിതാ സാംസ്കാരിക നിലയം(183/21) | 454819 |
| 3 | കുട്ടമ്പുഴ വനിതാ ക്ഷേമകേന്ദ്രം(119/21) | 284738 |
| 4 | പോത്താനിക്കാട് വനിതാ ക്ഷേമ കേന്ദ്രം(123/21) | 839536 |
| 5 | പോത്താനിക്കാട് വനിതാ ക്ഷേമ കേന്ദ്രം(132/21) | 998105 |
| 6 | നെല്ലിക്കുഴി വനിതാ വിപണനകേന്ദ്രം നവീകരണം.(134/21) | 999002 |
| 7 | നെല്ലിക്കുഴി ചിറപ്പടി വനിതാ ക്ഷേമ കേന്ദ്രം മെയിന്റനൻസ്(224/21) | 356499 |
| 8 | പല്ലാരിമംഗലം വനിതാ ക്ഷേമകേന്ദ്രം (127/21) | 11861062020-21 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് താഴെ പറയുന്ന വനിതാവികസനകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ.2020-21 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് താഴെ പറയുന്ന വനിതാവികസനകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ. |

| | | |
|---|---|---|
| 9 | നെല്ലിക്കുഴി പഞ്ചായത്ത് വനിതാ കോൺഫറൻസ് ഹാൾ(169/21) | 2020-21 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് താഴെ പറയുന്ന വനിതാവികസനകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്.വി2020-21 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് താഴെ പറയുന്ന വനിതാവികസനകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ.2020-21 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് താഴെ പറയുന്ന വനിതാവികസനകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ.ശദാംശങ്ങൾ ചുവടെ.746301 |
| 10 | നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് വനിതാ വിപണനകേന്ദ്രം(166/21) | 879610 |
| 11 | ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ വനിതാ എക്സലൻസ് സെന്റർ(185/21) | 997658 |

മുകളിൽ കാണിച്ചിരിക്കുന്ന കെട്ടിടങ്ങൾ പ്രൊജക്ടിന്റെ ഉദ്ദേശ ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട് എന്ത് ആവശ്യങ്ങൾക്ക് വേണ്ടിയാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം.19/14.6.2022 മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. നിർമ്മിക്കപ്പെട്ടിരിക്കുന്ന കെട്ടിടങ്ങൾ ഉദ്ദേശിച്ച ലക്ഷ്യങ്ങൾക്കായി വിനിയോഗിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-25 ആദിവാസി സംഘങ്ങൾക്ക് ജാതിത്തൈ വിതരണം-മോണിറ്ററിംഗ് ഇല്ല

| | | |
|---|---|---|
| പ്രൊജക്ടിന്റെ നമ്പർ, പേര് | S0 176/21 -ആദിവാസി സംഘങ്ങൾക്ക് ജാതിതൈ വിതരണം | |
| അടങ്കൽ | 3,00,000-/- വികസന ഫണ്ട്-(ടി.എസ്.പി.) | |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | |
| ചെലവഴിച്ച തുക | 3,00,000/- | ട്രഷറി ബിൽ നം. 267/12.03.2021.- 2,60,000/- & 306/27.03.2021-40,000/- |

പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ കാർഷിക അഭിവൃദ്ധിയിലൂടെ ജീവിതം മെച്ചപ്പെടുത്തുന്നതിനുതകുന്ന വിധത്തിൽ തെരഞ്ഞെടുത്ത കുടുംബങ്ങൾക്ക് ജാതിതൈ സൗജന്യമായി വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. തൈ വിതരണം ചെയ്യുന്നതിനുള്ള വാഹന വാടകയും പദ്ധതി ചെലവിന്റെ ഭാഗമാണ്. 2020-21 വർഷം 400/- രൂപ നിരക്കിൽ 710 തൈകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇതിലേക്കായി VFPCK യിൽ നിന്നും 650 തൈകളും, കോതമംഗലം അഗ്രോ സർവ്വീസ് സെന്ററിൽ

നിന്നും 60 തൈകളുമാണ് വാങ്ങിയത്. ജാതി തൈകളുടെ ആകെ വിലയായി 2,84,000/- രൂപയും, വാഹന വാടക ഇനത്തിൽ 16,000/- രൂപയുമാണ് പദ്ധതിയുടെ ഭാഗമായി ചെലവഴിച്ചിട്ടുള്ളത്. മുൻ വർഷവും ഇതേ പേരിൽ പദ്ധതി നടപ്പാക്കി 400 തൈകൾ വിതരണം നടത്തിയിരുന്നു. ( പദ്ധതി നം 243/20).

ജാതി തൈകൾ ആർക്കാണ് വിതരണം ചെയ്തത് എന്നത് സംബന്ധിച്ച രേഖകൾ പദ്ധതി ഫയലിൽ സൂക്ഷിച്ചിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ടും ഫയലില്ല.

മോണിറ്ററിങ്ങ് കമ്മറ്റികൾ യോഗം ചേർന്ന് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ലാത്ത വിവരം മുൻ ഓഡിറ്റ് റിപ്പോർട്ടിലും പരമാമർശിച്ചിരുന്നു. വിദൂര പട്ടിക വർഗ്ഗസങ്കേതങ്ങളിൽ നടപ്പാക്കുന്ന ഇത്തരം പദ്ധതികളുടെ ലക്ഷ്യപ്രാപ്തി മോണിറ്ററിംഗ് സമിതികൾ വിലയിരുത്തേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾപരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ വിവരം | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | പല്ലാരിമംഗലം ഗ്രാമ പഞ്ചായത്ത് | 2020-21 | 2,40,000 | പി.എം.എ.വൈ. ഭവന പദ്ധതി | 2,40,000 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വന വികസന ഏജൻസി | പ്രൊ. നം.159 / 21 , തുണ്ടം ഫോറസ്റ്റ് റേഞ്ച് ഓഫീസിന് സമീപം ടോയ് ലറ്റ് കോംപ്ലക്സ് നിർമ്മാണം-എഫ് ഡി എ-യ്ക്ക് തുക കൈമാറൽ | 6 തീയതി 11.04.2020 | 15,00,000 | 0 | 15,00,000 |
| കെ.എസ്.ഇ.ബി | പ്രൊ. നം. 239 / 21 , കീരംപാറ 4ാം വാർഡ് കുടിവെള്ള പദ്ധതിക്ക് | 137 തീയതി 02.11.2020 | 79,100 | 0 | 79,100 |

| | | | | | |
|---|---|---|---|---|---|
| | ത്രീ ഫേസ് കണക്ഷൻ എടുക്കൽ | | | | |
| നാഷണൽ ഹെൽത്ത് മിഷൻ | പ്രൊ. നം. 97 / 21 , നേര്യമംഗലം സി എച്ച് സി കെട്ടിട നിർമ്മാണം-എൻ എച്ച് എം-ന് തുക കൈമാറൽ | 300 തീയതി 26.03.2021 | 1,23,00,000 | 1,23,00,000 | 0 |
| നാഷണൽ ഹെൽത്ത് മിഷൻ | പ്രൊ. നം. SO158 / 21 , നേര്യമംഗലം സി എച്ച് സി മെയിന്റനൻസ്-എൻ എച്ച് എം-ന് തുക കൈമാറൽ | 27 തീയതി 11.04.2020 | 10,00,000 | 10,00,000 | 0 |

നിക്ഷേപ പ്രവൃത്തികൾക്ക് ചെലവഴിച്ച തുക കൃത്യമായി അക്കൗണ്ട് ചെയ്യിട്ടില്ല. ആയതിനാൽ മേൽ കണക്കുകൾ വാർഷികക്കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് തുക നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ - ഭവന പദ്ധതി | GO(MS) No. 90/13/ LSGD തീ.14/3/2013 | 1,14,00,000 | 1,43,83,618 | 1,02,60,000 | - | 41,23,618 |

തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക സംബന്ധിച്ച് പഞ്ചായത്ത് ഹാജരാക്കിയ രേഖകൾ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിരിക്കുന്ന തുകയുമായി പൊരുത്തപ്പെടുന്നില്ല. ഇത് പൊരുത്തപ്പെടുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. മുൻ ഓഡിറ്റ് റിപ്പോർട്ടിൽ 14,383,618.00/- രൂപയാണ് തിരിച്ചടക്കാൻ ബാക്കിയുള്ളത്. പഞ്ചായത്ത് അടവാക്കിയ തുക പലിശയിനത്തിലും പഞ്ചായത്തിലെ കണക്കുകളിൽ മുതലിലേക്കും വരവ് വെച്ചതിനാലാണ് വ്യത്യാസം വന്നതെന്ന് വിശദീകരിക്കപ്പെട്ടു. ഇക്കാര്യത്തിൽ കൃത്യത വരുത്തേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2000-01, 2001-02 | 20 | 2004-05 | 7.II.1.1 | പദ്ധതി നിർവ്വഹണ ചെലവ് – | അധികം ചെലവഴിച്ച 21136/- രൂപ റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കിയിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | | | അധികം ചെലവാക്കിയത് | എന്നാൽ പരാമർശം തീർപ്പാക്കി ഉത്തരവ് ലഭിച്ചിട്ടില്ല. |
| 2004-05 | 3-8 | 2007-08 | 3.45.1 | പണി പൂർത്തി യാകാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. | റവന്യൂ റിക്കവറി നടപടികളിലൂടെ 54026/-രൂപ ഈടാക്കി. പലിശയിനത്തിൽ ഈടാക്കുവാനവശേഷിക്കുന്ന തുകയ്ക്ക് ഇളവ് നൽകാൻ സാധിക്കില്ലെന്ന് 07.09.2021 ൽ കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. |

4-9 ചാർജ്- സർചാർജ് നടപടികളുടെ വിവരം

ഓഡിറ്റ് വർഷം ചാർജ്/സർചാർജ് ഇനത്തിൽ തുകയൊന്നും അടവില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,01,56,889 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,49,48,390 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,65,26,092 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 103338 | ഡോ.മാത്യൂ എം.ജോസഫ്, മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി., വാരപ്പെട്ടി |
| 1-20 | 1579100 | ശ്രീ.നാസർ കെ.എച്ച്.,<br>സെക്രട്ടറി,കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് |
| 1-21 | 12919654 | ശ്രീ.നാസർ കെ.എച്ച്.,<br>സെക്രട്ടറി, കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് |
| | 1924000 | ശ്രീ.പ്രവീൺ വാസു<br>സെക്രട്ടറി,കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് |
| ആകെ | 16526092 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| ഡോ.മാത്യു എം.ജോസഫ്,<br>മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി,വാരപ്പെട്ടി | മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി,വാരപ്പെട്ടി | മുക്കടയ്ക്കൽ ഹൌസ്,<br>തിരുവാങ്കുളം (പി.ഒ.)<br>കേശവപ്പടി |
| ശ്രീ.നാസർ കെ.എച്ച്.,<br>സെക്രട്ടറി,കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് | സെക്രട്ടറി,<br>മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | കളപ്പുര ഹൌസ്<br>ഏനാനെല്ലൂർ (പി.ഒ.)<br>കാലാംപൂർ |
| ശ്രീ.പ്രവീൺ വാസു,<br>സെക്രട്ടറി,കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് | സെക്രട്ടറി,<br>അടിമാലി ബ്ലോക്ക് പഞ്ചായത്ത് | എരത്തനാൽ ഹൌസ്<br>രാജാക്കാട് (പി.ഒ.)<br>പിൻ - 685566 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 മുതൽ 2004-05 വരെ | എൽ.എഫ്.ഇ.(സി.1)2134/11 (അദാലത്ത് റപ്പോർട്ട്), 23-11-2011 |
| 2008-09 | കെ.എസ്.എ-ഇ.കെ.എം.(ബിപി)466/19 തീയതി 06.06.2019 |
| 2009-10 | കെ.എസ്.എ-ഇ.കെ.എം.(ബിപി)384/2018 തീയതി 06.04.2018 |
| 2013-14, 2014-15 | കെ.എസ്.എ.ഇ.കെ.എം(ബി.പി)1573/16, 4.10.16 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(ബി.പി)384/2018 തീയതി 06.04.2018 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(ബി.പി)27/19 തീയതി 23.03.2019 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(ബി.പി)290/19, 11.07.2019 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം(ബി.പി)110/2022 തീയതി 14.03.2022 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം(ബി.പി)365/2022 തീയതി 10.05.2022 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്